II. തിരുത്ത്

[9.30 a.m]

1. 20-7-2005-ലെ നക്ഷത്രചിഹ്നമിട്ട 247-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പതിനൊന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 20-07-2005-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിട്ട 247-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്നുകൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.†

2. 2006-2007-വർഷത്തെ ആനുവൽ പ്ലാൻ ഡോക്യുമെന്റ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2006-2007 ബഡ്ജറ്റിനോടൊപ്പം സമർപ്പിച്ച 2006-07 വർഷത്തെ Annual Plan Document-ലെ സ്റ്റേറ്റ്മെന്റ്-2, സ്റ്റേറ്റ്മെന്റ്-3, സ്റ്റേറ്റ്മെന്റ്-4, സ്റ്റേറ്റ്മെന്റ്-4 (എ) എന്നിവയിൽ കടന്നുകൂടിയിരിക്കുന്ന പിശകുകൾ തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.††

3. 2-7-2000-ലെ നക്ഷത്രചിഹ്നമിടാത്ത 1800-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പതിനൊന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 2-7-2002-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 1800-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്നുകൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.†††

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി പ്ലേസ് ചെയ്തിട്ടുള്ള കറക്ഷൻ സ്റ്റേറ്റുമെന്റ് സ്റ്റാർഡ് ക്വസ്റ്റ്യനെ സംബന്ധിച്ചാണ്. സ്റ്റാർഡ് ക്വസ്റ്റ്യന്റെ സ്റ്റേറ്റുമെന്റ് സഭയിൽ വച്ചുകഴിഞ്ഞാൽ അതുസംബന്ധിച്ച് ചോദ്യം ചോദിക്കാനുള്ള അവകാശം അംഗങ്ങൾക്കുണ്ട്. അതിന്റെ ടെക്സ്റ്റ് ഞങ്ങൾക്ക് അവയ്ലബിൾ ആക്കിയെങ്കിലേ ഞങ്ങൾക്ക് ചോദ്യം ചോദിക്കാൻ കഴിയൂ. അത് സഭയുടെ കീഴ്വഴക്കമാണ്. അങ്ങനെ അനുവദിച്ചിട്ടുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

---

† അനുബന്ധം II

†† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

††† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ടർക്ക് അന്വേഷണത്തിനായി അയച്ചു കൊടുക്കുകയും ചെയ്യുകയുണ്ടായി. നടക്കാവ് പോലീസ് 2002-ലെ 548-ാം നമ്പറായി ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തു. എന്നാൽ പ്രസ്തുത കേസിലെ ഒരു പ്രതി ഹൈക്കോടതിയിൽ 2002-ലെ സി.ആർ.എം.സി. 11683-ാം നമ്പർ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുള്ളതാണ്.

(ഇ) ഉണ്ട്.

(എഫ്) ഹെൽത്ത് സെക്രട്ടറി നേരിട്ട് അന്വേഷണം നടത്തിയിട്ടില്ല. ഡി.എം.ഇ. നടത്തിയിട്ടുണ്ട്.

(ജി) ഉദിക്കുന്നില്ല.

അനുബന്ധം X

[2-7-2002-ലെ നക്ഷത്രചിഹ്നമിടാത്ത 1800-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം]

ചോദ്യം

(1800) ശ്രീ. ടി. പി. രാമകൃഷ്ണൻ:

(എ) കൃഷിനാശം സംഭവിച്ചവരിൽ നിന്നും ജല നികുതി പിരിക്കുന്നത് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പേരാമ്പ്ര മണ്ഡലത്തിലെ വിവിധ പാടശേഖര സമിതികളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ പേരു വിവരം വിശദീകരിക്കാമോ;

(സി) അത്തരം അപേക്ഷകൾക്ക് അനുകൂലമായ എന്തെങ്കിലും നടപടി കൈക്കൊള്ളുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കൂടുതൽ പരിശോധന നടത്തി തയ്യാറാക്കിയ പുതിയ മറുപടി

(എ) ഉണ്ട്.

(ബി) ഇരുകുളം, കല്പത്തൂർ, വെള്ളിയൂർ, കൊസക്കത്ത് ചാലിക്കുഴിതാഴ, വാല്യക്കോട്, നൊച്ചാട് എന്നീ പാടശേഖര സമിതികളിൽ നിന്നുമാണ് ടി അപേക്ഷകൾ ലഭിച്ചിട്ടുള്ളത്.

(സി, ഡി) കുറ്റ്യാടി ജലസേചന പദ്ധതിയിലെ കനാൽ ജലം കൃഷി ആവശ്യങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളതിനാൽ ജലനികുതി ഒഴിവാക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly